# FORM-10E FILING AT INCOME TAX E-FILING PORTAL

**[ 2022 Version; updated upto 2022-23 AY ]**

**[Updated with Self Uploading in New Income Tax Portal ]**


**Section-89 പ്രകാരമുള്ള അരിയർ സാലറിയുടെ റിലീഫ് Form-10E യിൽ ഓൺലൈനായി ക്ലെയിം ചെയ്തതിനുശേഷമാണ് ആദായനികുതി റിട്ടേൺ ഫയൽ ചെയ്യേണ്ടത്.**


Prepared by:

DR MANESH KUMAR E

IT Nodal Officer


Indian Systems of Medicine


# FORM-10E FILING AT INCOME TAX E-FILING PORTAL

2021-22 സാമ്പത്തികവർഷത്തെ ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള അവസാനതീയ്യതി ജൂലൈ 31 ആണ്. മുൻവർഷങ്ങളിലെ പോലെ തീയ്യതി നീട്ടിയിട്ടില്ലെങ്കിൽ, ജൂലൈ 31 ന് മുമ്പ് തന്നെ റിട്ടേൺ ഫയൽ ചെയ്യാൻ ബാധ്യസ്ഥരായ മുഴുവൻ നികുതിദായകരും ഈ പ്രക്രിയ പൂർത്തിയാക്കേണ്ടതാണ്. 2021-22 വർഷത്തിൽ അരിയർ ഡി.എ. യും ഡെഫേർഡ് സാലറിയുമടക്കം, മുൻവർഷങ്ങളിലെ അരിയറുകൾ ലഭിച്ചിട്ടുള്ളതിനാൽ, ഭൂരിഭാഗം ജീവനക്കാരും സെക്ഷൻ 89(1) പ്രകാരമുള്ള അരിയർ റിലീഫിനായി 10E ക്ലെയിം ചെയ്തിട്ടുണ്ടാവും. **ആദായനികുതി കാൽക്കുലേഷനായി, 10 E ക്ലെയിം ചെയ്തിട്ടുള്ള ജീവനക്കാർ, അതിന്റെ ബെനഫിറ്റ് കിട്ടണമെങ്കിൽ, ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിനുമുമ്പായി Form-10E പ്രത്യേകമായി ഫയൽ ചെയ്യേണ്ടതുണ്ട്.** ***Form-10E ഫയൽ ചെയ്തതിനുശേഷം മാത്രമേ ആദായനികുതിറിട്ടേൺ ഫയൽ ചെയ്യാൻ പാടുള്ളൂ.***


ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുന്ന സൈറ്റായ www.incometax.gov.in എന്ന സൈറ്റ് വഴിതന്നെയാണ് Form-10E യും ഫയൽ ചെയ്യേണ്ടത്. Form-10E ഫയൽ ചെയ്യുന്നതിനായി ഈ സൈറ്റിൽ നമ്മുടെ പാൻ നമ്പറും പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്യുക. 2021-22 സാമ്പത്തികവർഷത്തെ Form-10E ഇ-ഫയലിംഗ് സൈറ്റിൽ എനേബിൾ ആയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രം, Form-10E ഫയൽ ചെയ്തുതുടങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.





ലോഗിൻ പേജിലെ **e-File** എന്ന ഓപ്ഷനിലെ IncomeTax Forms എന്ന മെനുവിലെ File Income Tax Forms എന്ന സബ് മെനു സെലക്റ്റ് ചെയ്യുക.




തുടർന്ന്, വിവിധ ആദായനികുതി ഫോമുകളുടെ പേജ് ഓപ്പണാകുന്നതാണ്. ഈ പേജിൽ ഏറ്റവും മുകളിലായി കാണുന്ന മൂന്ന് ഓപ്ഷനുകളിൽ നടുക്കുള്ള **Persons without Business / Professional Income** എന്ന ഓപ്ഷൻ സെലക്റ്റ് ചെയ്യുക. ഈ ഓപ്ഷനിൽ Tax Exemptions and Reliefs [Form 10E] എന്ന ഫോറം നമുക്ക് കാണാവുന്നതാണ്. അതിനുനേരെ കാണുന്ന **File Now** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.




തുടർന്ന്, Form-10E ഫയൽ ചെയ്യുന്നതിനുള്ള പേജ് ഓപ്പണാകുന്നതാണ്. ഇവിടെ PAN Number, Submission mode എന്നിവയെല്ലാം തനിയേ തന്നെ വരുന്നതാണ്. 2021-22 സാമ്പത്തികവർഷത്തെ 10E ഫയൽ ചെയ്യുന്നതിനായി, Assessment year എന്ന കോളത്തിൽ ഡ്രോപ്ഡൗൺ മെനുവിൽ നിന്നും 2022-23 സെലക്റ്റ് ചെയ്യുക. അതിനുശേഷം Continue ബട്ടണിൽ ക്ലിക്ക് ചെയ്യുക.



## Form for claiming relief under section 89 [Form No. 10E]

Form for furnishing particulars of income under section 192(2A) for the year ending 31st March,20<..... >for claiming relief u/s 89 by a Government servant or an employee in a company, co-operative society, local authority, university, institution, association or body. This form is in compliance with Rule 21AA.

* Indicates mandatory fields

PAN
ABCDE1234F

Submission Mode
Online


Filing Type
Original

Assessment Year (A.Y) *
2022-23

< Back

Continue >

Form-10E ഫയലിംഗ് ഈ പേജ് മുതലാണ് ആരംഭിക്കുന്നത്. ഈ പേജിലെ Let's Get Started എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.



Dashboard | e-File | Authorised Partners | Services | Pending Actions | Grievances | Help

Dashboard > Income-tax Forms > Form 10E


## Form for claiming relief under section 89 [Form No. 10E]

Form for furnishing particulars of income under section 192(2A) for the year ending 31st March, 2007 for claiming relief under section 89 by a Government servant or an employee in a company, co-operative society, local authority, university, institution, association or body. This form is in compliance with rule 21AA.

< Back

Let's Get Started

തുടർന്നുവരുന്ന പേജിൽ, Form-10E പ്രകാരം ക്ലെയിം ചെയ്യുന്നത് ഏത് തരത്തിലുള്ള വരുമാനമാണെന്ന് വ്യക്തമാക്കുന്നതിനുള്ള പേജ് ഓപ്പണാകുന്നതാണ്. അതിൽ ആദ്യത്തെ ഓപ്ഷനായ Arrears Salary/Family Pension [Annexure I] എന്നത് സെലക്റ്റ് ചെയ്യുക. അതിനുശേഷം താഴെയുള്ള Continue ബട്ടണിൽ ക്ലിക്ക് ചെയ്യുക.


**Form for claiming relief under section 89** [Form No. 10E]

Form for furnishing particulars of income under section 192(2A) for the year ending 31st March, 2007 for claiming relief under section 89 by a Government servant or an employee in a company, co-operative society, local authority, university, institution, association or body. This form is in compliance with rule 21AA.

Please select applicable items regarding particulars of income

- [x] Arrears Salary/Family Pension [Annexure I]
- [ ] Advance Salary [Annexure I]
- [ ] Gratuity [Annexure II & IIA]
- [ ] Compensation [Annexure III]
- [ ] Pension Commutation [Annexure IV]

‹ Back | Continue

Form-10E ഫയൽ ചെയ്യുന്നതിന് മുമ്പായി താഴെ പറയുന്ന ഡോക്യുമെന്റുകൾ കൈവശം കരുതേണ്ടതുണ്ട്.

1. Income Tax Statement 2021-22 FY / Form-16
2. Form-10E Statement 2021-22 FY
3. Previous years ITR Forms [ To which Form 10E relate ]

റിലീഫ് കണക്കാക്കുന്നതിനായി, ലഭിച്ചിരിക്കുന്ന അരിയറുകൾ സാമ്പത്തികവർഷം തിരിച്ച്, ഓരോ വർഷത്തേയും അരിയർ തുക വെവ്വേറെ എഴുതിയെടുത്തശേഷം Form-10E ഫയൽ ചെയ്യാനിരിക്കുന്നതാവും ഉചിതം. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

| Particulars | 2018-19 | 2019-20 | 2020-21 | TOTAL |
|---|---|---|---|---|
| Arrear DA | 3834 | 56673 | 108403 | 168910 |
| Deferred Salary | -- | -- | 82354 | 82354 |
| **TOTAL** | **3834** | **56673** | **190757** | **251264** |


ഇതുപോലെതന്നെ, മുൻവർഷങ്ങളിലെ Taxable Income, അതത് വർഷങ്ങളിലെ ആദായനികുതിറിട്ടേൺ ഫയൽ ചെയ്ത സ്റ്റേറ്റ്മെന്റ് നോക്കി എഴുതി എടുക്കേണ്ടതായുണ്ട്.

| Year | Taxable Income |
|---|---|
| 2018-19 | 830200 |
| 2019-20 | 999790 |
| 2020-21 | 814480 |

Form-10E സബ്മിഷന് 3 ഘട്ടങ്ങളാണുള്ളത്.

1. Personal Information
2. Arrears Salary/Family pension [Annexure I]
3. Verification

ഈ മൂന്ന് ഘട്ടങ്ങളും ഓരോന്നായി ചെയ്തു തീർക്കേണ്ടതാണ്. ഓരോ ഘട്ടത്തിലും മാറ്റങ്ങൾ ഉണ്ടെങ്കിൽ സബ്മിഷന് മുമ്പ് ആവശ്യമെങ്കിൽ എഡിറ്റ് ചെയ്യാവുന്നതാണ്.


**Form for claiming relief under section 89** [Form No. 10E]

Form for furnishing particulars of income under section 192(2A) for the year ending 31st March, 2007 for claiming relief under section 89 by a Government servant or an employee in a company, co-operative society, local authority, university, institution, association or body. This form is in compliance with rule 21AA.

**Provide details for each section**

Personal Information
Includes PAN, Contact details
Provide details >

Arrears Salary/Family Pension
[Annexure I]
Provide details >

Verification
Provide details >

Indian Systems of Medicine
Govt. of Kerala

## Personal Information:

നികുതിദായകന്റെ വ്യക്തിപരമായ വിവരങ്ങളാണ് ഈ പേജിൽ വരുന്നത്. Name, PAN, Address തുടങ്ങിയ ഭാഗങ്ങളെല്ലാം പാൻ ഡേറ്റാബേസിൽ നിന്നും തനിയേതന്നെ വരുന്നതാണ്.

Residential Status : Resident എന്നത് സെലക്റ്റ് ചെയ്യുക.

അതിനുശേഷം താഴെയുള്ള Save ബട്ടണിൽ ക്ലിക്ക് ചെയ്ത്, Personal Information സേവ് ചെയ്യുക.



Personal Information

Please provide the required basic details

* Indicates mandatory field

Profile

Name of the employee/Family Pensioner
MANESH KUMAR

PAN
ABCDE1234F

Residential Address
Manesh Nivas, Chadayamangalam
PIN - 691534


Residential Status
Resident  Non Resident  Not Ordinary Resident

Note: You can change your contact details and residential status in My Profile section.

Cancel  Save

## Arrears of Salary / Family Pension [Annexure I]:

Form-10E യുടെ പ്രധാന ഡേറ്റാ എൻട്രി ചെയ്യേണ്ടത് ഈ ഘട്ടത്തിൽ ആണ്. അരിയർ റിലീഫ് കണക്കാക്കുന്ന Annexure I ന് 7 ഭാഗങ്ങളാണുള്ളത്. ഇതിൽ ആദ്യത്തെ ഭാഗം [ക്രമ നം. 1] മാത്രം നമ്മൾ എന്റർ ചെയ്താൽ മതിയാകുന്നതാണ്. ബാക്കിയുള്ള മിക്ക കോളങ്ങളും, താഴെയുള്ള ടേബിൾ പൂരിപ്പിച്ചുകഴിയുമ്പോൾ Auto calculated ആയി എന്റർ ആകുന്നതാണ്.



Arrears Salary [Annexure I]

Please provide the details which will help us build your relief amount for arrears salary.

1. Total taxable income (excluding salary/family pension received in arrears) *
₹ 10,54,750

2. Salary/Family Pension received in arrears *
₹

3. Total income (as increased by salary/family pension received in arrears) [Add item 1 and item 2]
₹ 1054750

1. **Total Taxable Income [ excluding Salary/Family Pension received in arrears ]** : 2021-22 വർഷത്തെ എല്ലാ ഡിഡക്ഷനുകളും കഴിഞ്ഞതിനുശേഷമുള്ള, 10E പ്രകാരം ക്ലെയിം ചെയ്യാനുദ്ദേശിക്കുന്ന അരിയർ ഡി.എ. യും ഡെഫേർഡ് സാലറിയും ഒഴിവാക്കിയുള്ള Taxable Income ആണ് ഇവിടെ കൊടുക്കേണ്ടത്.

**Annexure I ലെ ക്രമനമ്പർ 1 ന് ശേഷം നമ്മൾ പൂരിപ്പിക്കേണ്ടത് TABLE-A ആണ്.**

2. **Salary / Family Pension received in arrears** : 10E പ്രകാരം ക്ലെയിം ചെയ്യുന്ന മുഴുവൻ അരിയർ തുക ഈ കോളത്തിലാണ് വരുന്നത്. ഈ കോളം നമ്മൾ ഫിൽ ചെയ്യേണ്ടതില്ല. താഴെയുള്ള TABLE-A യിൽ അരിയറായി ലഭിച്ച തുകകൾ എന്റർ ചെയ്യുന്നതിനനുസരിച്ച്, ആ തുക ഈ കോളത്തിൽ വരുന്നതാണ്.
3. **Total Income [ Add item 1 and item 2 ] :** അരിയർ കൂടി ഉൾപ്പെടുത്തിയുള്ള 2021-22 ലെ വരുമാനം ആണ് ഈ കോളത്തിൽ വരുന്നത്. തനിയേ ഫിൽ ആകുന്നതാണ്.
4. **Tax on total income as per sytem calculation [as per item 3] & Tax on total income as per tax payer [as per item 3]** : Item 3 പ്രകാരമുള്ള ടാക്സ് ഈ കോളത്തിൽ എന്റർ ചെയ്യേണ്ടതാണ്. അരിയർ ഡി.എ. യും ഡെഫേർഡ് സാലറിയും ഉൾപ്പടെയുള്ള തുകയ്ക്കുള്ള ടാക്സാണ്, ഈ കോളത്തിൽ എന്റർ ചെയ്യേണ്ടത്. സിസ്റ്റം കാൽക്കുലേഷൻ തുക, വന്നില്ലെങ്കിലും പ്രൊസീഡ് ചെയ്യാവുന്നതാണ്.
5. **Tax on total income as per sytem calculation [as per item 1] & Tax on total income as per tax payer [as per item 1]** : അരിയർ ആയി ലഭിച്ച തുക ഉൾപ്പെടാതെയുള്ള ഗ്രോസ് വരുമാനത്തിന്റെ ടാക്സ് തുക ഈ കോളത്തിൽ എന്റർ ചെയ്യേണ്ടതാണ്. അതായത്, അരിയർ ഡി.എ. യും ഡെഫേർഡ് സാലറിയും ലഭിച്ചിരുന്നില്ലെങ്കിൽ, ഈ കോളത്തിൽ കാണിച്ചിരിക്കുന്ന തുകയാവും ടാക്സ്. സിസ്റ്റം കാൽക്കുലേഷൻ തുക, വന്നില്ലെങ്കിലും പ്രൊസീഡ് ചെയ്യാവുന്നതാണ്.

**6. Tax on salary/family pension received in arrears [ Difference of item 4 and 5 ]** : ഈ സാമ്പത്തികവർഷം അരിയർ ലഭിച്ചതുമൂലം **അധികമായി വരുന്ന ടാക്സ് തുക**യാണ് ഈ ക്രമനമ്പറിൽ വരുന്നത്.

## TABLE – A :

Arrears of Salary / Family Pension [Annexure I] ൽ ഒന്നാമത്തെ നമ്പറായ Total taxable income പൂരിപ്പിച്ചുകഴിഞ്ഞാൽ, ക്രമനമ്പർ 5 വരെയുള്ള ഭാഗങ്ങളെല്ലാം തനിയേതന്നെ വരുന്നതാണ്. **Annexure I ലെ ക്രമനമ്പർ 1 ന് ശേഷം നമ്മൾ പൂരിപ്പിക്കേണ്ടത് TABLE-A ആണ്.** ഈ ടേബിളിൽ ആണ് അരിയർ റിലീഫ് കണക്കാക്കുന്നതിനാവശ്യമായ വിവരങ്ങൾ എല്ലാം നൽകേണ്ടത്. നമുക്ക് ലഭിച്ച അരിയർ നമ്മൾ ക്ലെയിം ചെയ്യുന്നത്, ഏതൊക്കെ വർഷങ്ങളിലെ വരുമാനത്തിൽ ഉൾപ്പെടുന്നതാണോ, അത്രയും വരികൾ നമുക്ക് ഈ ടേബിളിൽ ചേർക്കേണ്ടതുണ്ട്.

TABLE – A യിൽ വിവരങ്ങൾ ചേർക്കുന്നതിനായി **+Add Details** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.

6. Tax on salary/family pension received in arrears [Difference of item 4 and item 5]

₹ 0

**TABLE 'A'**

[ See item 7 of Annexure I ]

**Details of salary/Family Pension received in arrears relating to different previous years**


+ Add Details

7. Tax computed in accordance with Table 'A' [Brought from column 7 of Table 'A']

₹

തുടർന്ന്, ഓരോ സാമ്പത്തികവർഷത്തേയും taxable income ഉം അരിയർ വരുമാനവും എന്റർ ചെയ്യുന്നതിനുള്ള പേജ് ഓപ്പൺ ആകുന്നതാണ്. ഈ പേജിൽ

7 കോളങ്ങളാണുള്ളത്. ഉദാഹരണമായി, 2018-19 വർഷത്തെ അരിയർ വിവരങ്ങൾ എങ്ങനെയാണ് നൽകുന്നതെന്ന് നോക്കാം.


**Add Detail**

Previous year(s) *
2018-19

Total income of the relevant previous year *
₹ 8,30,200

Salary/Family Pension received in arrears relating to the relevant previous year as mentioned in column(1) *
₹ 3,834

Total income (as increased by salary received in arrears) of the relevant previous year mentioned in column(1) [Add columns (2) and (3)]
₹ 834034

Tax on total income [as per column(2)] *
₹ 81,682

Tax on total income as per system calculation [as per column(4)]
₹ 82479

Tax on total income as per taxpayer [as per column(4)] *
₹ 82,479

Difference in tax [Amount under column(6) minus amount under column (5)]
₹ 797

Cancel Add

**Column No. 1 :** ഏത് വർഷത്തെ അരിയർ വരുമാനമാണോ ചേർക്കാനുള്ളത്, ആ സാമ്പത്തികവർഷം ഡ്രോപ്ഡൗൺ മെനുവിൽ നിന്നും സെലക്റ്റ് ചെയ്യുക.

**Column No. 2 :** ആ സാമ്പത്തികവർഷത്തെ എല്ലാ ഡിഡക്ഷനുകളും ഒഴിവാക്കിയുള്ള Taxable Income ആണ് ഇവിടെ നൽകേണ്ടത്. അതത് വർഷങ്ങളിൽ ഫയൽ ചെയ്ത Income Tax Return Form ൽ നിന്നോ ITR-V ൽ നിന്നോ ഈ തുക അറിയാവുന്നതാണ്. www.incometax.gov.in സൈറ്റിലെ View Filed Returns പേജിൽ ഇതിന്റെയെല്ലാം PDF ലഭ്യമാണ്.

**Column No. 3 :** 2021-22 സാമ്പത്തികവർഷത്തിൽ ആകെ ലഭിച്ച അരിയർ തുകയിൽ, 2018-19 വർഷത്തെ വരുമാനത്തിൽ ഉൾപ്പെടുത്താവുന്ന അരിയർ ഫ്രാക്ഷൻ തുകയാണ് ഇവിടെ കാണിക്കേണ്ടത്.

**Column No. 4 :** അരിയർ ഫ്രാക്ഷൻ കൂടി ഉൾപ്പെട്ടാൽ, 2018-19 വർഷത്തെ ആകെ വരുമാനം എത്രയാണെന്നുള്ളതാണ് ഈ കോളത്തിൽ വരുന്നത്.

ഇതിൽ എന്റർ ചെയ്യേണ്ട ആവശ്യമില്ല. കോളം 2 ലേയും 3 ലേയും തുകകൾ ആഡ് ചെയ്ത്, ഈ കോളം തനിയേ ഫിൽ ആകുന്നതാണ്.

**Column No. 5 :** അരിയർ ഉൾപ്പെടാതെയുള്ള 2018-19 വർഷത്തെ ടാക്സ് ഇവിടെ രേഖപ്പെടുത്തണം. **ഹെൽത്ത് & എഡ്യൂക്കേഷൻ സെസ്സ് അടക്കമുള്ള ടാക്സ് ആണ് നൽകേണ്ടത്.** അതത് വർഷങ്ങളിൽ ഫയൽ ചെയ്ത Income Tax Return Form ൽ നിന്നോ ITR-V ൽ നിന്നോ ഈ തുക അറിയാവുന്നതാണ്. അല്ലെങ്കിൽ നമുക്ക് കണക്കുകൂട്ടി എഴുതാവുന്നതാണ്.

**Column No. 6 :** ആ വർഷത്തെ അരിയർ കൂടി ഉൾപ്പെടുത്തിയുള്ള തുകയ്ക്കുള്ള [ As per Column No. 4 ] ടാക്സ് ഇവിടെ തനിയേതന്നെ വരുന്നതാണ്. ഈ ടാക്സ് തുക ശരിയാണെന്ന് നമ്മൾ വെരിഫൈ ചെയ്യേണ്ടതാണ്.

**Column No. 7 :** ആ വർഷത്തെ അരിയർ കൂടി ഉൾപ്പെടുത്തിയുള്ള തുകയ്ക്കുള്ള [ As per Column No. 4 ] ടാക്സ് ഇവിടെ നമ്മൾ രേഖപ്പെടുത്തേണ്ടതാണ്. ആറാമത്തെ കോളത്തിലെ തുക തന്നെയാവും ഇവിടെ വരുന്നത്.

**Difference in Tax :** അഞ്ചാമത്തേയും ആറാമത്തേയും കോളങ്ങളിലെ ടാക്സ് തുകകൾ തമ്മിലുള്ള വ്യത്യാസം ആ വർഷത്തെ ടാക്സ് വ്യത്യാസം ആയി താഴെ ഒരു കോളത്തിൽ കാണാവുന്നതാണ്.

ഇപ്രകാരം നൽകിയ തുകകൾ എല്ലാം കൃത്യമാണെന്ന് ഒരിക്കൽ കൂടി ഉറപ്പുവരുത്തിയശേഷം, താഴെയുള്ള Add ബട്ടണിൽ ക്ലിക്ക് ചെയ്ത്, 2018-19 വർഷത്തെ അരിയർ സംബന്ധിച്ച വിവരങ്ങൾ സേവ് ചെയ്യുക.

| ☐ | Sl. No. | Previous year(s) | Total income of the relevant previous year | Salary/Family Pension received in arrears relating to the relevant previous year as mentioned in column(1)) | Total income(as increased by salary/family pension received in arrears) of the relevant previous year mentioned in column(1) [Add columns (2) and |
|---|---|---|---|---|---|
| ☐ | 1 | 2018-19 | ₹8,30,200.00 | ₹3,834.00 | ₹8,34,034.00 |

7. Tax computed in accordance with Table 'A' [Brought from column 7 of Table 'A']

₹ 797

8. Relief under section 89[Indicate the difference between the amounts mentioned against items 6 and 7]

₹ 400

ഇതേ ക്രമത്തിൽ 2019-20, 2020-21 സാമ്പത്തികവർഷങ്ങളിലേയും വിവരങ്ങൾ സേവ് ചെയ്യാവുന്നതാണ്.

| | | 1 | 2 | 3 | 4 |
|---|---|---|---|---|---|
| ☐ | Sl. No. | Previous year(s) | Total income of the relevant previous year | Salary/Family Pension received in arrears relating to the relevant previous year as mentioned in column(1)) | Total income(as increased by salary/family pension received in arrears) of the relevant previous year mentioned in column(1) [Add columns (2) and (3)] |
| ☐ | 1 | 2018-19 | ₹8,30,200.00 | ₹3,834.00 | ₹8,34,034.00 |
| ☐ | 2 | 2019-20 | ₹9,99,790.00 | ₹56,673.00 | ₹10,56,463.00 |
| ☐ | 3 | 2020-21 | ₹8,15,000.00 | ₹1,91,523.00 | ₹10,06,523.00 |


ഇതിൽ അവസാനത്തെ കോളത്തിൽ അരിയർ തുക കൂടി അതത് വർഷങ്ങളിൽ ഉൾപ്പെടുത്തുമ്പോഴുള്ള ഓരോ വർഷത്തേയും ടാക്സ് വ്യത്യാസം കാണാവുന്നതാണ്.

| Total income(as increased by salary/family pension received in arrears) of the relevant previous year mentioned in column(1) [Add columns (2) and (3)] | Tax on total income [as per column(2)] | Tax on total income as per system calculation [as per column(4)] | Tax on total income as per taxpayer [as per column(4)] | Difference in tax [Amount under column(6) minus amount under column (5)] |
|---|---|---|---|---|
| ₹8,34,034.00 | ₹81,682.00 | ₹82,479.00 | ₹82,479.00 | ₹797.00 |
| ₹10,56,463.00 | ₹1,16,956.00 | ₹1,34,616.00 | ₹1,34,616.00 | ₹17,660.00 |
| ₹10,06,523.00 | ₹78,520.00 | ₹1,19,035.00 | ₹1,19,035.00 | ₹40,515.00 |

7. Tax computed in accordance with Table 'A' [Brought from column 7 of Table 'A']

₹ 58972

7. Tax computed in accordance with Table A : ഇപ്രകാരം ഓരോ വർഷങ്ങളിലേയും അരിയർ തുക കൂടി വരുമാനത്തിൽ ഉൾപ്പെടുത്തുമ്പോഴുള്ള ടാക്സ് വ്യത്യാസത്തിന്റെ ആകത്തുക, Annexure I ലെ 7 മത്തെ ഭാഗത്ത് തനിയേ വരുന്നതാണ്.



7. Tax computed in accordance with Table 'A' [Brought from column 7 of Table 'A']

₹ 58972

8. Relief under section 89[Indicate the difference between the amounts mentioned against items 6 and 7]


₹ 19661

Cancel

Save

**8. Relief under section 89** : Annexure I ലെ 6, 7 ക്രമനമ്പറുകളിലെ തുകയുടെ വ്യത്യാസം, സെക്ഷൻ 89(1) പ്രകാരമുള്ള അരിയർ റിലീഫ് തുകയായി, ക്രമനമ്പർ 8 ൽ തനിയേ വരുന്നതാണ്. **ഈ തുകയാണ് അരിയർ റിലീഫ് ആയി ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുമ്പോൾ നമ്മൾ കാണിക്കേണ്ടത്.**

Annexure I ലെ ക്രമനമ്പർ 2 ൽ തനിയേ ഇൻസർട്ട് ആയിരിക്കുന്ന അരിയറായി ലഭിച്ച തുക ശരിയാണെന്ന് ഒരിക്കൽ കൂടി ഉറപ്പുവരുത്തിയശേഷം ഏറ്റവും താഴെയുള്ള Save ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ, രണ്ടാം ഭാഗം പൂർത്തിയാവുന്നതാണ്.



**Arrears Salary** [Annexure I]

Please provide the details which will help us build your relief amount for arrears salary.

1. Total taxable income (excluding salary/family pension received in arrears) *

₹ 1054750

2. Salary/Family Pension received in arrears *

₹ 252030

3. Total income (as increased by salary/family pension received in arrears) [Add item 1 and item 2]

₹ 1306780

4. Tax on total income as per system calculation (as per item 3) *


₹ 0

Tax on total income as per taxpayer (as per item 3)

₹ 212715


# Verification :

മൂന്നാമത്തെ ഘട്ടമായ വെരിഫിക്കേഷനിൽ ഡിക്ലറേഷൻ നൽകുക മാത്രമാണ് ചെയ്യേണ്ടത്. നമ്മുടെ പേരിനോട് ചേർന്നുള്ള ചെക്ക്ബോക്സിൽ ടിക്ക് മാർക്ക് ചെയ്തശേഷം, താഴെയുള്ള Save ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ വെരിഫിക്കേഷൻ പൂർത്തിയാവുന്നതാണ്.





PREVIEW

മൂന്ന് സ്റ്റെപ്പുകളും പൂർത്തിയായാൽ, നമ്മൾ തയ്യാറാക്കിയ Form-10E യുടെ Preview കാണാവുന്നതാണ്. ഏതെങ്കിലും സ്റ്റെപ്പിൽ മാറ്റങ്ങൾ വരുത്താനുണ്ടെങ്കിൽ, അതിൽ ക്ലിക്ക് ചെയ്ത്, മോഡിഫൈ ചെയ്യാവുന്നതാണ്. Preview കാണുന്നതിനായി താഴെയുള്ള Preview ബട്ടണിൽ ക്ലിക്ക് ചെയ്യുക.





തുടർന്ന്, Form-10E യുടെ പേജ് ഓപ്പൺ ആകുന്നതാണ്. ഇത് ആവശ്യമെങ്കിൽ PDF ആയി ഡൗൺലോഡ് ചെയ്തെടുത്ത് വെരിഫൈ

ചെയ്യാവുന്നതാണ്. എല്ലാ വിവരങ്ങളും കൃത്യമാണെന്ന് ഉറപ്പുവരുത്തിയശേഷം, താഴെയുള്ള **Proceed to E-Verify** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത്, ഫൈനൽ സബ്മിഷനിലേക്ക് കടക്കാവുന്നതാണ്.





ഇ വെരിഫിക്കേഷൻ ചെയ്യുന്നതിനായി മൂന്ന് ഓപ്ഷനുകളാണുള്ളത്. **E-Verify Now, E-Verify later, Verify via ITR-V** എന്നിങ്ങനെയുള്ള മൂന്ന് ഓപ്ഷനുകളിൽ നമുക്ക് അനുയോജ്യമായത് തെരഞ്ഞെടുക്കാം. ***ആധാറിൽ മൊബൈൽ നമ്പർ ലിങ്ക് ചെയ്തിട്ടുള്ളവർ ഇ വെരിഫിക്കേഷൻ ഓപ്ഷൻ തെരഞ്ഞെടുക്കുന്നതാകും ഉചിതം.***




ഇ വെരിഫൈ ചെയ്യാനായി e-Verify Now എന്ന ഓപ്ഷൻ സെലക്റ്റ് ചെയ്തതിനുശേഷം, താഴെയുള്ള Continue ബട്ടണിൽ ക്ലിക്ക് ചെയ്യുക.


തുടർന്ന്, ഏത് രീതിയിലുള്ള ഇ വെരിഫിക്കേഷൻ ആണെന്നുള്ളത് സെലക്ട് ചെയ്യുക. ഏറ്റവും എളുപ്പത്തിൽ ചെയ്യാവുന്നത് ആധാർ OTP ഉപയോഗിച്ചുള്ള ഇ വെരിഫിക്കേഷൻ ആണ്.





ആധാർ OTP ഓപ്ഷൻ സെലക്ട് ചെയ്തശേഷം Continue ബട്ടണിൽ ക്ലിക്ക് ചെയ്യുക. തുടർന്ന് ആധാർ OTP ജനറേറ്റ് ചെയ്യുന്നതിനുള്ള ലിങ്ക് വരും. അവിടെ നമ്മുടെ സമ്മതം ചോദിച്ചുള്ള ഒരു ചെക്ക്ബോക്സ് കാണാവുന്നതാണ്. അതിൽ ടിക്ക് മാർക്ക് ചെയ്ത്, Generate Aadhar OTP എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.




തുടർന്ന്, നമ്മുടെ മൊബൈലിലേക്ക് വരുന്ന ആറക്ക ആധാർ OTP നിശ്ചിതസ്ഥലത്ത് എന്റർ ചെയ്തശേഷം Validate എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.




ഇതോടുകൂടി ഇ വെരിഫിക്കേഷൻ പൂർത്തിയാകുന്നതാണ്. ഇ വെരിഫിക്കേഷൻ കഴിഞ്ഞാലുടൻ ഫൈനൽ സബ്മിഷന്റെ പേജ് വരുന്നതാണ്. താഴെയുള്ള Submit ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ Form-10E സബ്മിഷൻ പൂർത്തിയാകുന്നതാണ്. നമ്മുടെ രജിസ്റ്റേർഡ് മൊബൈലിലേക്കും ഇ-മെയിലിലേക്കും ഇത് സംബന്ധിച്ച മെസേജ് വരുന്നതാണ്.




ഭാരതീയ ചികിത്സാവകുപ്പ്
Indian Systems of Medicine

തുടർന്ന്, ഡാഷ്ബോർഡിൽ പോയി e-File – Income Tax Forms – View Filed Forms എന്ന ഓപ്ഷൻ വഴി ഫയൽ ചെയ്ത Form-10E യുടെ സ്റ്റാറ്റസ് അറിയാവുന്നതാണ്. ഈ പേജിൽ നിന്നും തന്നെ ഫോമും രസീതും ഡൗൺലോഡ് ചെയ്യെടുക്കാവുന്നതാണ്. ഇ വെരിഫൈ ചെയ്ത ഈ ഫോറം, നമ്മൾ എവിടേക്കും അയക്കേണ്ടതില്ല.

